"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡണ്ട് ശ്രീ വി. കുഞ്ഞിബാവയുടെ ചികിത്സാ ചെലവ് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.1941/2026/LSGD തീയതി,തിരുവനന്തപുരം, 15-10-2026

---

പരാമർശം:-

1. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സമിതിയുടെ 07.10.2025 തീയതിയിലെ 6/1/25 നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.07.2026 തീയതിയിലെ LSGD/PD/20710/2026-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡണ്ട് ശ്രീ.വി.കുഞ്ഞിബാവയ്ക്ക് പ്രസിഡന്റായിരുന്ന കാലയളവിൽ ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ചെലവായ 50,261/-രൂപ (അൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം) ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് സർക്കാർ അനുമതി തേടിയുള്ള പരാമർശം (1) പ്രകാരമുള്ള ഭരണസമിതി തീരുമാനവും അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകൻ വിരമിച്ച സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ MEDISEP ആനുകൂല്യം ലഭിച്ചിട്ടുള്ളതായും, പ്രസ്തുത ആനുകൂല്യം ലഭിച്ചതിനു ശേഷമുണ്ടായ ചികിത്സാച്ചെലവായ ₹50,261/- റീഇംബേഴ്സ് ചെയ്യുന്നതിനുമാണ് അപേക്ഷിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡണ്ട് ശ്രീ വി കുഞ്ഞിബാവയ്ക്ക് ചികിത്സായിനത്തിൽ ചെലവായ തുകയായ 50,261/- രൂപ (അൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം) ബന്ധപ്പെട്ട രേഖകളുടെ ആധികാരികതയും തുകയുടെ കൃത്യതയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും, അധികമായോ ക്രമവിരുദ്ധമായോ തുക അനുവദിച്ചതായി പിന്നീട് കണ്ടെത്തുന്ന പക്ഷം ആയത് അപേക്ഷകൻ തിരിച്ചടയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിലും, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദ്ദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Sindhu.S
Date: 15-10-2026
12:51:29
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്

തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ പി.എ

തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ